## വിവിധ ക്ഷേമപെൻഷനുകൾ വാങ്ങുന്നവരുടെ എണ്ണം

146 (T*1618) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയതായി എത്ര പേർക്ക് ക്ഷേമപെൻഷൻ അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) വിവിധ ക്ഷേമപെൻഷനുകൾ വാങ്ങുന്നവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1025992 പേർക്ക് പുതിയതായി ക്ഷേമ പെൻഷനുകൾ അനുവദിച്ചിട്ടുണ്ട്.

(ബി) വിവിധ ക്ഷേമ പെൻഷനുകൾ വാങ്ങുവരുടെ എണ്ണം ചുവടെ ചേർക്കുന്നു :

| | | | |
|---|---|---|---|
| 1. | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | - | 2255190 |
| 2. | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | - | 388821 |
| 3. | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | - | 1299239 |
| 4. | കർഷക തൊഴിലാളി പെൻഷൻ | - | 476913 |
| 5. | 50 വയസ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | - | 81474 |
| | ആകെ | - | 4501637 |

## സാമൂഹിക ക്ഷേമപെൻഷന് അർഹതയുള്ളവർ

147(T*1619) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ സാമൂഹിക ക്ഷേമപെൻഷന് അർഹതയുള്ളവർ എത്ര പേരാണ്; അറിയിക്കാമോ;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയതായി സാമൂഹിക ക്ഷേമപെൻഷൻ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പേർക്കാണ് അനുവദിച്ചതെന്ന് വെളിപ്പെടുത്താമോ;

(സി) അർഹതയില്ലാത്തവർ സാമൂഹികക്ഷേമ പെൻഷൻ വാങ്ങുന്നുവെന്ന പരാതിയുടെ അടിസ്ഥാനത്തിൽ നിലവിലെ സർക്കാർ വന്നതിനുശേഷം എത്ര പേരെ പ്രസ്തുത ലിസ്റ്റിൽ നിന്നും ഒഴിവാക്കി; ഇപ്രകാരം ഒഴിവാക്കിയവരിൽ എത്രപേർക്ക് പുനഃപരിശോധനയുടെ അടിസ്ഥാനത്തിൽ വീണ്ടും പെൻഷൻ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ സാമൂഹ്യ ക്ഷേമപെൻഷന് അർഹതയുള്ളവർ 4501637 പേരാണ്.

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ 1025992 പേർക്ക് പുതിയതായി ക്ഷേമ പെൻഷൻ അനുവദിച്ചിട്ടുണ്ട്.

(സി) വാഹന രജിസ്ട്രേഷൻ വിവരങ്ങളുടെയും മരണ രജിസ്ട്രേഷൻ വിവരങ്ങളുടെയും അടിസ്ഥാനത്തിൽ അനർഹരായി കണ്ടെത്തിയ 66637 പേരുടെ പെൻഷൻ താൽക്കാലികമായി തടഞ്ഞിരുന്നു. പ്രസ്തുത വിവരങ്ങളിൽ തെറ്റുകൾ സംഭവിച്ചിട്ടുള്ളതായി കണ്ടെത്തിയതിൽ ആയത് പരിശോധിച്ച് പെൻഷൻ പുനഃസ്ഥാപിക്കുന്നതിന് എല്ലാ പ്രാദേശിക സർക്കാരുകൾക്കും നിർദ്ദേശം നൽകിയിരുന്നു. ഇപ്രകാരം 51195 പേരുടെ പെൻഷൻ പുനഃസ്ഥാപിച്ചിട്ടുണ്ട്.

## പീരുമേട് നിയോജകമണ്ഡലത്തിൽ സാമൂഹ്യസുരക്ഷാ പെൻഷൻ കൈപ്പറ്റുന്നവർ

148 (T*1620) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യസുരക്ഷാ പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പീരുമേട് നിയോജകമണ്ഡലത്തിൽ വിവിധ സാമൂഹ്യസുരക്ഷാ പെൻഷനുകൾ കൈപ്പറ്റുന്നവരുടെ എണ്ണം ഇനം തിരിച്ച് വ്യക്തമാക്കാമോ?

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly